**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5139 15/11/2019-ൽ മറുപടിയ്ക്ക്

**ചാലക്കുടി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

**ചോദ്യം** **ഉത്തരം**

| **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിലെയും ചാലക്കുടി നഗരസഭ യിലെയുമുൾപ്പെടെ സ്വന്തമായി വീടില്ലാത്ത വരും സ്വന്തമായി വീട്ടും സ്ഥലവും ഇല്ലാത്ത വരും കൂടി ആകെ എത്ര ഭവന രഹിതരു ണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | എ) | ലൈഫ് മിഷൻ പദ്ധതിയിൽ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയവർ<br>ഭൂമിയുള്ള ഭവനരഹിതർ - 589<br>ഭൂരഹിത ഭവനരഹിതർ - 2561<br>ആകെ - 3150 |
| ബി) | ഇതിൽ എത്ര പേർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു എന്ന് വിശദമാക്കാമോ; | ബി) | <u>ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗം</u><br>ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതർ - 304<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ധനസഹായം ലഭിച്ചവർ - 247<br>ഭവന നിർമ്മാണം പൂർത്തീകരിച്ചവർ 163<br><u>ഭൂരഹിത ഭവനരഹിതരുടെ വിഭാഗം</u><br>ഭൂരഹിത ഭവനരഹിതരുടെ രേഖാ പരിശോധന നടന്നുവരുന്നു. |
| സി) | ലൈഫ് മിഷന്റെ ഭാഗമായി ബാക്കിയുള്ളവ ർക്ക് താമസ സൗകര്യം അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | സി) & ഡി) | ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ച 247 പേരിൽ നിർമ്മാണം പൂർത്തീകരിച്ച 163 പേർ കഴിച്ച് ബാക്കിയുള്ള 84 പേരുടെ ഭവന നിർമ്മാണം ഡിസംബർ 31ന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അർഹരായി കണ്ടെത്തിയിട്ടുള്ള ബാക്കിയുള്ളവർ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. ഭൂരഹിത ഭവന രഹിതരായിട്ടുള്ളവർക്ക് ഭവന സമുച്ചയം വഴി ഭവനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ് |
| ഡി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ